## കേരള വാട്ടർ അതോറിറ്റിയിലെ ശമ്പള പരിഷ്ക്കരണം

61 [2531] ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിലെ ശമ്പള പരിഷ്ക്കരണത്തിന്റെ കാലാവധി അവസാനിച്ചോയെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ അവസാനിച്ചതെന്നാണെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ ശമ്പളക്കമ്മീഷനെ എന്നത്തേക്ക് പ്രഖ്യാപിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) മുൻകാലങ്ങളിലെ ശമ്പള പരിഷ്ക്കരണത്തിൽ അപാകതയുണ്ടായിരുന്നോ;

(ഇ) ടെക്നിക്കൽ ജീവനക്കാരുടെ കാര്യങ്ങൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ പ്രാപ്തരായവർ പ്രസ്തുത ശമ്പളക്കമ്മീഷനിൽ നിയോഗിക്കപ്പെട്ടിരുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതു പരിഹരിക്കുന്നതിനും ഇനി അപാകതകൾ ആവർത്തിക്കാതിരിക്കുവാനും എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ & ബി) സർക്കാർ ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്ന മുറയ്ക്കാണ് വാട്ടർ അതോറിറ്റി ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്നത്. 1-3-1997 മുതലാണ് വാട്ടർ അതോറിറ്റി ജീവനക്കാരുടെ ഇപ്പോഴത്തെ ശമ്പള പരിഷ്ക്കരണം നിലവിൽ വന്നത്. 5 വർഷത്തിൽ ഒരിക്കൽ സർക്കാർ ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്ന പക്ഷം വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിന്റെ കാലാവധിയും 28-2-2002-ൽ അവസാനിച്ചതായി കണക്കാക്കാം.

(സി) സർക്കാർ ഇക്കാര്യം ആലോചിച്ചിട്ടില്ല.

(ഡി) ചില അപാകതകൾ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

(ഇ) ശമ്പള പരിഷ്ക്കരണ കമ്മിറ്റിയിൽ ഓരോ വിഭാഗം ജീവനക്കാരുടേയും പ്രതിനിധികളെ ഉൾപ്പെടുത്തുക പ്രായോഗികമല്ല.

(എഫ്) ശമ്പള പരിഷ്ക്കരണത്തിൽ അപാകതകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് നിർദ്ദേശം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly